കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലം ഗ്രാമ പഞ്ചായത്തിന്റെ 2007-2008 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 - സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ) നം. 1212/2015/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി 23.04.2015

---

പരാമർശം : 1. പഞ്ചായത്ത് ഡയറക്ടറുടെ 01.03.2014 – തിയതിയിലെ എം3/8020/14 നമ്പർ കത്ത്

2. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 18.03.2015 – തിയതിയിലെ എൽ.എഫ്.പി.റ്റി3 /6215/14 നമ്പർ കത്ത്

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലം ഗ്രാമ പഞ്ചായത്തിന്റെ 2007-2008 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2007-2008 – ൽ നടപ്പിലാക്കപ്പെട്ട 5051/2008 നമ്പർ പദ്ധതിക്ക് ചെലവഴിച്ച 30000 രൂപ, കുടുംബശ്രീക്കു വേണ്ടി വിപണന കേന്ദ്രം കണ്ടെത്തുന്നതിനു മുൻപു തന്നെ ഫർണീച്ചറുകൾ വാങ്ങിയ കാരണത്താൽ, തടസ്സപ്പെടുത്തിയിരുന്നു. എന്നാൽ ചില സാങ്കതിക ബുദ്ധിമുട്ടുകൾ കാരണമാണ് കുടുംബശ്രീക്കു വേണ്ടിയുള്ള സ്ഥിരം വിപണന കേന്ദ്രം ആരംഭിക്കുവാൻ കഴിയാതിരുന്നതെന്നും ഈ ആവശ്യത്തിലേക്കായി വാങ്ങിയ ഉപകരണങ്ങൾ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സി.ഡി.എസ് ചെയർ പേഴ്സണ് കൈമാറിയിരുന്നെന്നും അവ കുടുംബശ്രീ നടത്തുന്ന ഓണച്ചന്ത, മാസച്ചന്ത എന്നിവയുടെ ആവശ്യത്തിലേക്കായി ഉപയോഗിച്ച് വരുന്നുണ്ടെന്നും ആയതിനാൽ ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം നൽകണമെന്നും പരാമർശം ഒന്ന് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. 2007-2008 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 ന് സർക്കാർ സാധൂകരണം തേടുന്നതിനായി പഞ്ചായത്ത് ഭരണ സമിതി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ വ്യക്തമായ ശുപാർശ സഹിതം പരാമർശം ഒന്ന് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. 2007-2008 വർഷത്തിൽ കുടുംബശ്രീ സ്ഥിരം

.........2

വിപണന കേന്ദ്രത്തിനു വാങ്ങിയ ഫർണീച്ചറുകളിൽ ആറ് സ്റ്റീൽ റാക്കുകൾ പാക്കറ്റ് പൊട്ടിക്കാതെ സൂക്ഷിക്കുന്നുണ്ടെന്നും ബാക്കി ഫർണീച്ചറുകൾ കുടുംബശ്രീയുടെ ആവശ്യത്തിലേക്കായിത്തന്നെയാണ് ഉപയോഗിക്കുന്നതെന്ന് തെളിയിക്കുന്നതിനായുള്ള രേഖകൾ പഞ്ചായത്ത് ഹാജരാക്കിയിട്ടില്ലെന്നും ആയതിനാൽ ഇക്കാര്യത്തിൽ സർക്കാരിന് ഉചിതമായ തീരുമാനം കൈക്കൊവുന്നതാണെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചില സാങ്കതിക ബുദ്ധിമുട്ടുകൾ കാരണമാണ് കുടുംബശ്രീക്കു വേണ്ടിയുള്ള സ്ഥിരം വിപണന കേന്ദ്രം ആരംഭിക്കുവാൻ കഴിയാതിരുന്നതെന്നും ഈ ആവശ്യത്തിലേക്കായി വാങ്ങിയ ഉപകരണങ്ങൾ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സി.ഡി.എസ് ചെയർ പേഴ്സണ് കൈമാറിയിരുന്നെന്നും അവ കുടുംബശ്രീ നടത്തുന്ന ഓണചന്ത, മാസചന്ത എന്നിവയുടെ ആവശ്യത്തിലേക്കായി ഉപയോഗിച്ചു വരുന്നുണ്ടെന്നുമുള്ള പഞ്ചായത്തിന്റെ അഭിപ്രായം അംഗീകരിച്ചുകൊണ്ട് മേലിൽ പദ്ധതി വിഭാവനം ചെയ്യുമ്പോൾ ഇത്തരം പാളിച്ചകൾ ഉണ്ടാക്കരുതെന്ന വ്യവസ്ഥയിൽ കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലം ഗ്രാമ പഞ്ചായത്തിന്റെ 2007-2008 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം തടസ്സപ്പെടുത്തിയിരുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കപ്പെട്ട 2007-2008 വർഷത്തെ 5051/2008 നമ്പർ പദ്ധതിയുടെ 30000 രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സാലമ്മ എബ്രഹാം
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, കുഞ്ഞിമംഗലം ഗ്രാമ പഞ്ചായത്ത്, കണ്ണൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ